

മെഗാലിത്തിക്ക് കാലത്തെ പാത്രങ്ങൾ

ഡി സി ബുക്സ്
പ്രി പബ്ലിക്കേഷൻ

# ആധികാരിക കേരളചരിത്രം

## പ്രാചീനം • മധ്യകാലം • ആധുനികം

ജനറൽ എഡിറ്റർ : **ഡോ. വി.വി. ഹരിദാസ്**

ഗ്രന്ഥകർത്താക്കൾ : **ഡോ. പി.എസ്. മനോജ് കുമാർ**
**ഡോ. എം.പി. മുജീബു റഹ്മാൻ**
**ഡോ. കെ.പി. രാജേഷ്**
**ഡോ. ആര്യ നായർ വി.എസ്.**
**ഡോ. രേഖ ഇ.**
**കവിത ശിവദാസ്**
**ആർ.കെ. ബിജുരാജ്**

7 വാല്യം • 4000 പേജ് • ഹാർഡ് ബൗണ്ട് • അപൂർവ്വമായ ചിത്രങ്ങൾ • ഭൂപടങ്ങൾ • ചരിത്രരേഖകൾ



ചെങ്കൽഗുഹ



# ചരിത്രത്തിലാദ്യമായി
## കേരളത്തിന് ഒരു സമഗ്രചരിത്രം

കേരളത്തിന്റെ ഭൂതകാലത്തെക്കുറിച്ച് ആധികാരികവും കാലികമായി പുതുക്കപ്പെട്ടതുമായ ഒരു റഫറൻസ് ഗ്രന്ഥം ഇന്നും നമുക്ക് ലഭ്യമല്ല. ചരിത്രഗവേഷകരുടെ ദീർഘകാലത്തെ അർപ്പണബോധവും കഠിനാധ്വാനവും ആവശ്യപ്പെടുന്ന ഈ ദൗത്യം ഒടുവിൽ യാഥാർത്ഥ്യമാകുന്നു. ഒരു ദശാബ്ദത്തിലേറെ നീണ്ട നിരന്തരമായ ഗവേഷണങ്ങളുടെയും പ്രയത്നങ്ങളുടെയും സാക്ഷാത്കാരമായി
ഡി സി ബുക്സ് അഭിമാനത്തോടെ സമർപ്പിക്കുന്നു:
**ആധികാരിക കേരളചരിത്രം.**

കേരളചരിത്രത്തിൽ ഇന്നേവരെ എവിടെയും അടയാളപ്പെടുത്താത്ത വിവരങ്ങളുടെ സമഗ്രവും സമ്പൂർണവുമായ രേഖപ്പെടുത്തലാണ് ഈ ഗ്രന്ഥം.

നമ്മുടെ വേരുകളിലേക്കുള്ള അന്വേഷണമാണ് ചരിത്രത്തെ അറിയുക എന്നത്. നമ്മളെങ്ങനെ നമ്മളായി എന്ന അന്വേഷണത്തിന്റെ ഉത്തരമാണ് **ആധികാരിക കേരളചരിത്രം**.

# കേരളത്തിലേക്കുള്ള കാറ്റുപാത

പ്രാചീനകാലത്ത് ഗ്രീക്ക് നാവികനായ ഹിപ്പാലസ് ആണ് തെക്കുപടിഞ്ഞാറൻ മൺസൂൺ കാറ്റുകളുടെ ദിശയും അവയുടെ ആവർത്തനസ്വഭാവവും കൃത്യമായി മനസ്സിലാക്കി അറബിക്കടലിനു കുറുകെ നേരിട്ട് സഞ്ചരിച്ച് ഇന്ത്യയിലേക്ക്, പ്രത്യേകിച്ച് കേരളത്തിലെ മുസിരിസ് തുറമുഖത്തേക്ക് വേഗത്തിൽ എത്തിച്ചേരാനുള്ള സമുദ്രപാത പാശ്ചാത്യ ലോകത്തിന് പരിചയപ്പെടുത്തിയത്.

അതിനുമുമ്പ് തീരങ്ങളോടു ചേർന്ന് ദീർഘകാലം എടുത്ത് യാത്രചെയ്തിരുന്ന റോമൻ കപ്പലുകൾക്ക്, ഈ കാറ്റിന്റെ സഹായത്തോടെ വെറും 40 ദിവസംകൊണ്ട് ഈജിപ്തിൽ നിന്ന് കേരളതീരത്ത് എത്താമെന്ന് അദ്ദേഹം കാണിച്ചുകൊടുത്തു.

പാശ്ചാത്യലോകത്തിന് മൺസൂൺ കാറ്റുകളുടെ ഈ പ്രായോഗിക ഉപയോഗം ആദ്യമായി വെളിപ്പെടുത്തിക്കൊടുത്തത് ഹിപ്പാലസ് ആയതിനാലാണ് പാശ്ചാത്യ ചരിത്രരേഖകളിലും ഗ്രീക്ക് നാവികഗ്രന്ഥമായ *പെരിപ്ലസ് ഓഫ് എറിത്രിയൻ സീ* തുടങ്ങിയ കൃതികളിലും തെക്കുപടിഞ്ഞാറൻ കാലവർഷം ഹിപ്പാലസ് മൺസൂൺ എന്ന രീതിയിൽ പരാമർശിച്ചിട്ടുള്ളത്.



## കേരളചരിത്രത്തെക്കുറിച്ച് അറിയേണ്ടതെല്ലാം

- ചരിത്രവസ്തുതകൾ വിവരിക്കുന്നതോടൊപ്പം പുത്തൻ ചരിത്ര പരിപ്രേക്ഷ്യങ്ങളും പ്രവണതകളും ഇതിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു.
- സമകാലിക ചരിത്രഗവേഷകരും പ്രമുഖ അധ്യാപകരുമടങ്ങിയ വിദഗ്ധസംഘമാണ് ഈ ഗ്രന്ഥരചന നിർവ്വഹിച്ചിരിക്കുന്നത്.
- ചരിത്രവസ്തുതകൾക്ക് മിഴിവേകാൻ അപൂർവ്വമായ ഫോട്ടോകൾ, മാപ്പുകൾ, മറ്റ് രേഖകൾ എന്നിവ ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.
- പ്രാചീനകാലം മുതൽ ആധുനികകാലം വരെയുള്ള ചരിത്രവഴികൾ ഒരു കുടക്കീഴിൽ.
- പൂർണ്ണമായും തെളിവുകളെയും വസ്തുതകളെയും അടിസ്ഥാനമാക്കി തയ്യാറാക്കിയ ഗ്രന്ഥം.
- പൊതുവായനക്കാർക്കും ഗവേഷകർക്കും വിദ്യാർത്ഥികൾക്കും അധ്യാപകർക്കും ഒരുപോലെ പ്രയോജനപ്പെടുന്ന ഒരു റഫറൻസ് ഗ്രന്ഥം.
- ഇതുവരെ എഴുതപ്പെട്ട എല്ലാ ചരിത്രവീക്ഷണങ്ങളെയും ഏകോപിപ്പിക്കുന്നു.
- കേരളത്തിന്റെ ഓരോ കാലഘട്ടത്തിലെയും രാഷ്ട്രീയ, സാമ്പത്തിക, സാമൂഹ്യ, സാംസ്കാരിക മേഖലകളെപ്പറ്റിയുള്ള സമഗ്രമായ വിശകലനം.

1

# പ്രാചീനകേരളം

## ശിലായുഗംമുതൽ 9-ാം നൂറ്റാണ്ടുവരെ

രചന : **ഡോ. കെ.പി രാജേഷ്, ഡോ. ആര്യ നായർ വി.എസ്.**

- ചരിത്രാതീതകാലംതൊട്ടുള്ള സമഗ്രമായ പുരാതത്ത്വശാസ്ത്ര തെളിവുകളുടെ പശ്ചാത്തലത്തിൽ പ്രാചീനകേരളീയ സമൂഹത്തിന്റെ രൂപീകരണത്തെയും പരിണാമത്തെയും സൂക്ഷ്മമായി അടയാളപ്പെടുത്തുന്നു.
- മഹാശിലാസംസ്കാരമെന്നറിയപ്പെടുന്ന ഇരുമ്പുയുഗ പരിഷ്കൃതിയും സംഘകാലകൃതികളിൽ അനശ്വരമാക്കപ്പെട്ട പ്രാചീന തമിഴക സംസ്കാരവുമൊക്കെ വിപ്ലവകരമായ പട്ടണം ഉത്ഖനന വിവരങ്ങളുടെയും ഏറ്റവും പുതിയ കണ്ടെത്തലുകളുടെയും വെളിച്ചത്തിൽ ആഴത്തിൽ ചർച്ചചെയ്യപ്പെടുന്നു.
- പരമ്പരാഗത ചരിത്രധാരണകളെ വസ്തുതാപരമായി അവതരിപ്പിക്കുന്നതോടൊപ്പം വൈവിധ്യമാർന്ന പുതിയ ചരിത്ര പരിപ്രേക്ഷ്യങ്ങളും മുന്നോട്ടുവെക്കുന്നു.
- പ്രാചീനകേരളത്തിലെ ഭരണകൂടരൂപീകരണം, ആഭ്യന്തര-ആഗോള കച്ചവട ശ്യംഖലകൾ എന്നിവയെ സംബന്ധിച്ചുള്ള തർക്കവിഷയങ്ങൾ തുടങ്ങിയവയും ഇതിൽ ഇടംപിടിക്കുന്നു.



എടക്കൽ ഗുഹയുടെ ഒരു ഭാഗം

### ഇരുമ്പുയുഗത്തിലെ കേരളം

**വയനാട് ജില്ലയിലെ എടക്കൽ ഗുഹയുടെ താഴ്‌വാരത്ത് കുപ്പക്കൊല്ലിയിൽ 1987-ൽ എം.ആർ. രാഘവവാരിയർ, വൈ. സുബ്ബരായലു എന്നിവരുടെ നേതൃത്വത്തിൽ ഒരു കരിങ്കല്ലറ ഉത്ഖനനം ചെയ്യപ്പെട്ടു. ഇതിനകത്തുനിന്ന് കറുത്ത മൺകോപ്പകൾ, തളികകൾ, ഇരുമ്പുപകരണങ്ങൾ എന്നിവ ലഭിച്ചു. ഇരുമ്പുപകരണങ്ങളിൽ കലപ്പക്കൊഴുവും ഉണ്ടായിരുന്നു. ഇരുമ്പുപകരണങ്ങളെല്ലാം തുരുമ്പുപിടിച്ച് പൊട്ടിപ്പോയ ഒടിഞ്ഞ അവസ്ഥയിലായിരുന്നു. ഇങ്ങനെ കണ്ടെടുക്കപ്പെട്ട തെളിവുകളുടെ അടിസ്ഥാനത്തിലാണ് ചരിത്രകാരൻമാർ കേരളത്തിൽ ഇരുമ്പുയുഗകാലത്തെ മനുഷ്യസാന്നിധ്യത്തിന്റെ ചരിത്രം രേഖപ്പെടുത്തുന്നത്.**

2

# പൂർവ്വമധ്യകാലം

## 9-ാം നൂറ്റാണ്ടുമുതൽ 12-ാം നൂറ്റാണ്ടുവരെ

രചന : **ഡോ. പി.എസ്. മനോജ് കുമാർ, ഡോ. രേഖ ഇ., കവിത ശിവദാസ്**

- കേരളത്തിന്റെ സാമൂഹിക-രാഷ്ട്രീയ ചരിത്രത്തിൽ നിർണ്ണായക വഴിത്തിരിവായ ആദിമധ്യകാല (Early Medieval) ഘട്ടത്തെയാണ് ഇത് കേന്ദ്രീകരിക്കുന്നത്.
- കല്ലുകളിലും ചെപ്പേടുകളിലും കോറിയിട്ട ഒട്ടനവധി ലിഖിത തെളിവുകൾ ധാരാളമായി ലഭ്യമായ പ്രകാശപൂർണ്ണമായ ഒരു കാലഘട്ടത്തെക്കുറിച്ച് സമഗ്രമായി വിവരിക്കുന്നു.
- മുൻതലമുറ ചരിത്രകാരന്മാർ തങ്ങളുടെ ആഴമേറിയ ഗവേഷണങ്ങളിലൂടെ പുനർനിർമ്മിച്ച മഹത്തായ ചേരരാജാക്കന്മാരുടെ കാലമാണ് ഈ വാല്യം പ്രധാനമായും ചർച്ചചെയ്യുന്നത്.
- ലഭ്യമായ ലിഖിതങ്ങളെ ആധുനിക രീതിശാസ്ത്രത്തിന്റെ വെളിച്ചത്തിൽ പുനർവ്യാഖ്യാനിച്ചുകൊണ്ട്, കേരളത്തിലെ ആദിമധ്യകാലം എന്നു വിളിക്കാവുന്ന ചേരകാല സമൂഹത്തെയും അതിന്റെ രാഷ്ട്രീയവ്യതിയാനങ്ങളെയും കൃത്യമായി അടയാളപ്പെടുത്തുന്നതാണ് ഈ വാല്യം.



വീരക്കല്ല്

### ബുദ്ധമതം കേരളത്തിൽ

**വിക്രമാദിത്യ വരഗുണന്റെ 898-ലെ പാലിയം ചെപ്പേടുകൾ കാണിക്കുന്നത് ഒൻപതാം നൂറ്റാണ്ടിൽപോലും കേരളത്തിൽ ബുദ്ധമതം ഒരു പ്രമുഖ മതമായി തുടർന്നിരുന്നു എന്നാണ്.**

# കണ്ണൂരിലെ സ്വർണ്ണനിക്ഷേപവും നീറോ ചക്രവർത്തിയുടെ നാണയങ്ങളും

വടക്കൻ കേരളത്തിലെ കോട്ടയം വില്ലേജിൽ വാണിയംകടവ് നദീതടത്തിൽനിന്ന് റോമൻനാണയങ്ങൾ കണ്ടെത്തിയ സാഹചര്യത്തെക്കുറിച്ച് ക്യാപ്റ്റൻ ഡ്രൂറി (Captain Drury)1851-ൽ എഴുതിയ നിരീക്ഷണങ്ങളുടെ മലയാളവിവർത്തനം ചുവടെ കൊടുക്കുന്നു:



ചേരന്മാരുടെ കാലത്തെ നാണയം

*കണ്ണൂരിനടുത്ത് മലബാർ തീരത്ത് ഈയിടെ പുരാതന റോമൻ സ്വർണ്ണനാണയങ്ങളുടെ വളരെ രസകരമായ ഒരു ശേഖരം കണ്ടെത്തുകയുണ്ടായി. കണ്ടെത്തിയ നാണയങ്ങളുടെ എണ്ണം (നൂറുകണക്കിന് വരും) കൊണ്ടും അവയുടെ അതിശയിപ്പിക്കുന്ന അവസ്ഥകൊണ്ടും ഈ കണ്ടെത്തൽ ശ്രദ്ധേയമാണ്. പല നാണയങ്ങളും നിർമ്മിക്കപ്പെട്ട കാലത്തെപ്പോലെതന്നെ പുതുമയുള്ളവയായി കാണപ്പെടുന്നു; അവയിലെ രൂപങ്ങൾ അത്രത്തോളം വ്യക്തവും ലിഖിതങ്ങൾ എളുപ്പത്തിൽ വായിക്കാവുന്നതുമാണ്. ചില അപവാദങ്ങൾ ഒഴികെ, ഇവയെല്ലാം അഗസ്റ്റസ് ചക്രവർത്തിയുടെ കാലം മുതലുള്ള റോമൻ സാമ്രാജ്യത്തിന്റെ സ്വർണ്ണനാണയങ്ങളാണ്. ഇവയിൽ പലതും ക്രിസ്തുവബ്ദത്തിന്റെ ആദ്യ നാളുകളിലെയാണ്. ഇവയെക്കുറിച്ച് ലഭ്യമായ വിവരങ്ങൾ പ്രകാരം, കുറച്ച് ദരിദ്രരായ നാട്ടുകാർ കോഴിക്കോട് നഗരത്തിലെ അങ്ങാടികളിൽ ഇവ കൊണ്ടുവരികയും വില്പനയ്ക്ക് വയ്ക്കുകയും ചെയ്തിരുന്നു.*

തിളക്കം കണ്ട് ഇവയ്ക്ക് തുച്ഛമായ വിലയേ ഉണ്ടാകൂ എന്നു കരുതിയ അവർ ഒരു ദിവസത്തെ ആഹാരത്തിനുള്ള അരിക്കു പകരമായി (ബാർട്ടർ സമ്പ്രദായം) ഈ നാണയങ്ങൾ സന്തോഷത്തോടെ കൈമാറി. എന്നിരുന്നാലും, ഈ നാണയങ്ങൾ വേഗത്തിൽതന്നെ അവയുടെ യഥാർത്ഥ മൂല്യം അറിയാവുന്നവരുടെ കൈകളിൽ എത്തിച്ചേർന്നു. ഈ മിന്നിത്തിളങ്ങുന്ന ലോഹത്തിന് വലിയ പ്രാധാന്യമുണ്ടെന്ന് മനസ്സിലാക്കിയ നാട്ടുകാർ പിന്നീട് വില കൂട്ടി ചോദിക്കാൻ തുടങ്ങുകയും, ഒടുവിൽ ഒരു നാണയത്തിന് ഒന്ന്, അഞ്ച്, പത്ത് എന്നിങ്ങനെ പതിനാല് രൂപ വരെ വില ഈടാക്കി വിൽക്കുകയും ചെയ്തു. സ്വർണ്ണത്തിന്റെ പരിശുദ്ധി കണ്ട് ആകൃഷ്ടരായ സ്വർണ്ണപ്പണിക്കാരും സമ്പന്നരായ നാട്ടുകാരും ആഭരണങ്ങൾ നിർമ്മിക്കുന്നതിനായി ഇവ വാങ്ങി ഉരുക്കിത്തീർത്തു. ഇങ്ങനെ നികത്താനാവാത്ത വിധം ഒട്ടേറെ നാണയങ്ങൾ നഷ്ടപ്പെട്ടു എന്നത് ഖേദകരമാണ്. ആദ്യം അതീവരഹസ്യമായി വെച്ചിരുന്നെങ്കിലും, ഒടുവിൽ കണ്ണൂരിന് ഏകദേശം പത്ത് മൈൽ കിഴക്കായി കോട്ടയം എന്ന ഗ്രാമത്തിനടുത്തുള്ള ഒരു ചെറിയ കുന്നിൻചരിവിൽ സ്വർണ്ണപ്പൊടിക്കുവേണ്ടിയുള്ള തിരച്ചിലിനിടയിലാണ് ഇവ കണ്ടെത്തിയതെന്ന് വ്യക്തമായി. ഒരു വെങ്കല പാത്രത്തിലായിരുന്നു ഈ നാണയങ്ങൾ നിക്ഷേപിച്ചിരുന്നത്. ഏകദേശം അഞ്ച് ചുമട് (cooly-loads) സ്വർണ്ണനാണയങ്ങൾ ഈ ഒരൊറ്റ സ്ഥലത്തുനിന്നും ഖനനം ചെയ്തെടുത്തതായി പറയപ്പെടുന്നു. കണ്ടെത്തിയ നാണയങ്ങളുടെ കൃത്യമായ എണ്ണം കണക്കാക്കുക അസാധ്യമാണെങ്കിലും, എൺപതോ തൊണ്ണൂറോ എണ്ണം തിരുവിതാംകൂർ രാജാവിന്റെ കൈവശവും അതിലും വലിയൊരു ശേഖരം തിരുവിതാംകൂർ റസിഡന്റായിരുന്ന ജനറൽ കല്ലന്റെ (General Cullen) കൈവശവുമുണ്ട്. ഈ കണ്ടെത്തൽ നടന്ന് ഒരു വർഷം കഴിഞ്ഞിട്ടും തലശ്ശേരിയിലെയും കോഴിക്കോട്ടെയും നാട്ടുകാരുടെ പക്കൽനിന്ന് ഇവ ലഭ്യമാണ്. ഇവയിൽ ഏറ്റവും കൂടുതൽ ടൈബീരിയസ് (Tiberius) ചക്രവർത്തിയുടെ കാലത്തെ നാണയങ്ങളാണ്, തൊട്ടുപിന്നാലെ നീറോ (Nero) ചക്രവർത്തിയുടെ നാണയങ്ങളും. 1842-ൽ കോയമ്പത്തൂരിൽനിന്ന് കണ്ടെത്തിയ നാണയങ്ങളിലും ടൈബീരിയസ് ചക്രവർത്തിയുടെ നാണയങ്ങളായിരുന്നു കൂടുതലായി ഉണ്ടായിരുന്നത്. അഗസ്റ്റസ് ഒഴികെയുള്ള മറ്റ് ചക്രവർത്തിമാരെ അപേക്ഷിച്ച് ടൈബീരിയസ് 23 വർഷം എന്ന ദീർഘകാലം ഭരിച്ചതാകാം ഇതിന് കാരണം.

അറിയാം കേരളചരിത്രം സമഗ്രമായി. ഇന്നുതന്നെ കോപ്പി ഉറപ്പാക്കൂ...

**3**

# പില്ക്കാലമധ്യകാലം

## സി ഇ 1200-1792 വരെ

രചന : **ഡോ. വി.വി. ഹരിദാസ്**

- **അധികാരം**
- **രാഷ്ട്രീയം**
- **സംസ്കാരം**

- ചേരഭരണത്തിന്റെ തകർച്ചയെത്തുടർന്ന് കേരളത്തിൽ ഉയർന്നുവന്ന പില്ക്കാലമധ്യകാല സ്വരൂപങ്ങളുടെ രാഷ്ട്രീയ-സാമൂഹിക പശ്ചാത്തലത്തെ പഠനവിധേയമാക്കുന്നു.
- പ്രാദേശിക സ്വരൂപങ്ങളുടെ അധികാരഘടന, രാഷ്ട്രീയതന്ത്രങ്ങൾ, അക്കാലത്ത് രൂപപ്പെട്ട പുതിയ സംസ്കാരം എന്നിവയാണ് ഈ വാല്യത്തിലെ പ്രധാന അന്വേഷണവിഷയങ്ങൾ.
- പരമ്പരാഗതമായ രാഷ്ട്രീയചരിത്രത്തിനപ്പുറം ഇന്ന് നാം കാണുന്ന 'മലയാളവും', 'മലയാളിയും', 'കേരളവുമൊക്കെ' എങ്ങനെയാണ് ചരിത്രപരമായി രൂപപ്പെട്ടതെന്നും നമ്മുടെ നാട് തനതായ ഒരു സാംസ്കാരികത്തനിമ കൈവരിച്ചത് എങ്ങനെയെന്നും ഈ വാല്യത്തിൽ ആഴത്തിൽ വിശകലനം ചെയ്യുന്നുണ്ട്.
- മധ്യകാലഘട്ടത്തിലെ സങ്കീർണ്ണമായ ചരിത്രവഴികളിലൂടെ മലയാളഭാഷ കൈവരിച്ച വികാസത്തെയും കേരളമെന്ന സാംസ്കാരികസ്വത്വത്തിന്റെ ഉത്ഭവത്തെയും പരിണാമത്തെയും കൃത്യമായ തെളിവുകളുടെ വെളിച്ചത്തിൽ പുനർനിർമ്മിക്കുന്നു.



മറയൂർ ശിലാചിത്രം

### കേരളത്തിലെ ചില പ്രധാന രാജവംശങ്ങൾ

- ചേര രാജവംശം
- ആയ് രാജവംശം
- മൂഷിക രാജവംശം
- മധ്യകാല ചേരന്മാർ (കുലശേഖര സാമ്രാജ്യം)
- സാമൂതിരിമാർ (കോഴിക്കോട്)
- കൊച്ചി രാജവംശം (പെരുമ്പടപ്പ് സ്വരൂപം)
- തിരുവിതാംകൂർ രാജവംശം
- കോലത്തുനാട് രാജവംശം
- അറക്കൽ രാജവംശം

4


# പില്ക്കാലമധ്യകാലം

## സി ഇ 1200-1792 വരെ

- സമ്പത്ത്
- സമൂഹം
- നിത്യജീവിതം


രചന : **ഡോ. എം.പി. മുജീബു റഹ്മാൻ**

- പോർച്ചുഗീസുകാരുടെ വരവോടെ ആരംഭിച്ച യൂറോപ്യൻ കൊളോണിയൽ സ്വാധീനം കേരളത്തിന്റെ രാഷ്ട്രീയ-വാണിജ്യ മേഖലകളിൽ ശക്തമായ കാലഘട്ടമാണിത്. വിദേശ അധിനിവേശങ്ങളുടെ സ്വഭാവത്തെ സൂക്ഷ്മമായി വിശകലനം ചെയ്യുന്നതോടൊപ്പം കുഞ്ഞാലി മരക്കാർ ഉൾപ്പെടെയുള്ള ധീരദേശാഭിമാനികൾ നയിച്ച ഐതിഹാസികമായ അധിനിവേശ വിരുദ്ധ പോരാട്ടങ്ങളെ ചരിത്രപരമായി വിലയിരുത്തുന്നു.
- ഭൂവുടമസ്ഥതാസമ്പ്രദായങ്ങൾ, കർക്കശമായിക്കൊണ്ടിരുന്ന ജാതിവ്യവസ്ഥയുടെ ഘടന, വ്യത്യസ്ത മതവിഭാഗങ്ങൾക്കിടയിൽ നിലനിന്നിരുന്ന സാംസ്കാരികസമന്വയം എന്നിവയും ഈ വാല്യത്തിൽ ഗൗരവമായി ചർച്ചചെയ്യുന്നു.
- വൻതോതിലുള്ള ആഗോളവ്യാപാരവും ആഭ്യന്തരവാണിജ്യവും കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥയെ എങ്ങനെ മാറ്റിമറിച്ചുവെന്നും അത് അക്കാലത്തെ സാധാരണ മനുഷ്യരുടെ നിത്യജീവിതത്തെ എപ്രകാരം സ്വാധീനിച്ചുവെന്നും കൃത്യമായി അടയാളപ്പെടുത്തുന്നു.




### കേരളത്തിലെ സൂഫികൾ

**മലബാറിലും വടക്കോട്ടുള്ള തീരങ്ങളിലുമെല്ലാം ഒട്ടേറെ സൂഫികളെ കണ്ടുമുട്ടിയതായി ഇബ്ൻ ബത്തൂത്ത രേഖപ്പെടുത്തിയിട്ടുണ്ട്. ഏഴിമലയിൽവെച്ച് സഈദ് എന്ന ഒരു സൂഫിയെയും കണ്ണൂരിൽവെച്ച് ഒരു ബാഗ്ദാദി പണ്ഡിതനെയും പന്തലായനിയിൽവെച്ച് ഒരു ഒമാനി പണ്ഡിതനെയുമാണ് അദ്ദേഹം പരിചയപ്പെട്ടതായി പറയുന്നത്. പെരിങ്ങത്തൂരിൽ (തലശ്ശേരിക്കടുത്ത്) അന്ത്യവിശ്രമം കൊള്ളുന്ന അലിയ്യുൽ കൂഫി ഇത്തരത്തിൽ കേരളത്തിൽ വന്ന് സ്ഥിരതാമസമാക്കിയ സൂഫികളിൽ ഒരാളാണ്. കൂഫയിൽനിന്നാണ് അദ്ദേഹം എത്തിയത്.**






# കൊച്ചി പഴയതായാലും പുതിയതായാലും ചരിത്രം ഇതാണ്!

കൊച്ചിയുടെ ചരിത്രത്തിലെ ഒരു നിർണായക വഴിത്തിരിവ് 1341-ലെ മഹാപ്രളയമായിരുന്നു, അത് മധ്യ മലബാർ തീരത്തിന്റെ ഭൂമിശാസ്ത്രത്തെ മാറ്റിമറിച്ചു. ഇന്തോ-റോമൻ, അറബ് വ്യാപാരത്തിന്റെ പ്രധാന കേന്ദ്രമായി വളരെക്കാലം ആഘോഷിക്കപ്പെട്ടിരുന്ന പുരാതന തുറമുഖമായ മുസിരിസിനെ (കൊടുങ്ങല്ലൂർ) വെള്ളപ്പൊക്കം നശിപ്പിച്ചു. നദീതടങ്ങളിലെ മണ്ണിടിച്ചിലും തീരപ്രദേശത്തിന്റെ പുനർനിർമ്മാണവും സമുദ്ര കേന്ദ്രമെന്നനിലയിൽ കൊടുങ്ങല്ലൂരിന്റെ അധഃപതനത്തിലേക്ക് നയിച്ചു. അതേസമയം, വെള്ളപ്പൊക്കം ഇന്നത്തെ കൊച്ചിക്ക് സമീപമുള്ള വേമ്പനാട് കായലിനും അറബിക്കടലിനും ഇടയിൽ ഒരു പുതിയ ജലപാത സൃഷ്ടിച്ചു, ഇത് കരപ്പുറം ഉപദ്വീപിനെ പുതുതായി രൂപീകരിച്ച വൈപ്പിൻ ദ്വീപിൽനിന്ന് വേർതിരിക്കുന്നു. ഈ പ്രകൃതിദത്ത തുറമുഖം ആഴമേറിയതും സുരക്ഷിതവും സഞ്ചാരയോഗ്യവുമാണെന്ന് തെളിഞ്ഞു, ഇത് കപ്പലുകൾക്ക് അനുയോജ്യമാക്കി. കൊച്ചി ഒരു തുറമുഖനഗരമായി ഉയർന്നുവന്നു. കൊടുങ്ങല്ലൂരിൽനിന്ന് കൊച്ചിയിലേക്ക് സമുദ്ര ഗതാഗതം തിരിച്ചുവിട്ടത് താരതമ്യേന ചെറിയ ഒരു ജനവാസകേന്ദ്രത്തെ ഒരു പ്രധാന തുറമുഖമാക്കി മാറ്റി. വ്യാപാരികുടുംബങ്ങൾ, പാണ്ടികശാലകൾ, വ്യാപാരസ്ഥാപനങ്ങൾ എന്നിവ പുതിയ തുറമുഖത്തേക്ക് മാറ്റി. താരതമ്യേന ഉയർന്ന സ്ഥലത്ത് സ്ഥിതിചെയ്യുന്ന മട്ടാഞ്ചേരിയെ ചുറ്റിപ്പറ്റിയാണ് നഗരവികസനം ഉണ്ടായത്. പതിന്നാലാം നൂറ്റാണ്ടിന്റെ അവസാനത്തിലും പതിനഞ്ചാം നൂറ്റാണ്ടിന്റെ തുടക്കത്തിലും, ഇന്ത്യൻമഹാസമുദ്രവ്യാപാരത്തിന്റെ അംഗീകൃതകേന്ദ്രമായി കൊച്ചി വളർന്നു. ഷെങ് ഹെയുടെ പര്യവേക്ഷണങ്ങളുമായി ബന്ധപ്പെട്ട ചൈനീസ് സഞ്ചാരിയായ മാ ഹുവാന്റെയും ഇറ്റാലിയൻ സഞ്ചാരിയായ നിക്കോളോ ഡാ കോണ്ടിയുടെയും വിവരണങ്ങളിൽ ഇത് പരാമർശിക്കപ്പെടുന്നു.

അറിയാം കേരളചരിത്രം സമഗ്രമായി. ഇന്നുതന്നെ കോപ്പി ഉറപ്പാക്കൂ...

ആധികാരിക
കേരളചരിത്രം
പ്രാചീനം • മധ്യകാലം • ആധുനികം

# ആധുനിക കേരളം

രചന : **ആർ.കെ. ബിജുരാജ്**

5

## നവോത്ഥാനത്തിന്റെയും ജനകീയ മുന്നേറ്റങ്ങളുടെയും ചരിത്രം 1792-1921

- കൊളോണിയൽ ആധുനികതയുടെ (Colonial Modernity) വരവും അതുണ്ടാക്കിയ ചലനങ്ങളും അതിനോട് പ്രതികരിച്ചുകൊണ്ട് രൂപപ്പെട്ട കേരളീയ നവോത്ഥാനവും സംബന്ധിച്ചുള്ള പരമ്പരാഗതധാരണകളെ തിരുത്തുന്ന പുതിയ ചരിത്രപരിപ്രേക്ഷ്യങ്ങൾ ഈ വാല്യത്തിൽ ആഴത്തിൽ ചർച്ചചെയ്യുന്നു.
- ജാതീയമായ അടിച്ചമർത്തലുകൾക്കെതിരേ ഉയർന്നുവന്ന വിവിധ സമുദായ പരിഷ്കരണപ്രസ്ഥാനങ്ങൾ, അച്ചടിയുടെയും ആധുനിക വിദ്യാഭ്യാസത്തിന്റെയും വ്യാപനം സമൂഹത്തിലുണ്ടാക്കിയ വിപ്ലവകരമായ മാറ്റങ്ങൾ എന്നിവയെല്ലാം ഇതിൽ സൂക്ഷ്മമായി വിലയിരുത്തുന്നു.

6

## രാഷ്ട്രീയചരിത്രം 1921-1956

- മലബാറിലെ ബ്രിട്ടീഷ് ഭരണവും സാമ്പത്തിക, സാമൂഹ്യ മേഖലയിൽ ഉണ്ടായ പരിവർത്തനങ്ങളും മുതൽ അധിനിവേശവിരുദ്ധ പോരാട്ടങ്ങൾവരെയുള്ള കാര്യങ്ങൾ വിശദമായി ഇതിൽ പഠനവിധേയമാക്കുന്നു.
- മലബാർ, കൊച്ചി, തിരുവിതാംകൂർ എന്നിവയുടെ ആധുനികകാലചരിത്രത്തെയും കർഷകത്തൊഴിലാളി മുന്നേറ്റങ്ങളെയും ഐക്യകേരള പ്രസ്ഥാനത്തെയും ചർച്ചചെയ്യുന്നു.
- പഴശ്ശിയും ടിപ്പു സുൽത്താനും യോഗം ചേർന്ന്, യോജിച്ച ഒരു പോരാട്ടത്തിലൂടെ ഇംഗ്ലിഷുകാരെ തുരത്താൻ തീരുമാനിച്ചതും 1850-കളിൽ പേർഷ്യയിലെ ബുഷെയർ നഗരത്തിൽ ഹിന്ദുസ്ഥാനിക്കും ഇംഗ്ലിഷിനും പുറമേ മലയാളത്തിൽ നാവികചട്ടങ്ങൾ അച്ചടിച്ചു വിതരണം ചെയ്തതിന്റെ കാരണങ്ങളും ഈ വാല്യം അന്വേഷിക്കുന്നു.
- ഇത്തരത്തിൽ കേരള രാഷ്ട്രീയചരിത്രത്തിലെ അറിയപ്പെടാത്ത പല വസ്തുതകളും ഈ വാല്യത്തിന്റെ ഭാഗമാകുന്നു.

# കൊല്ലങ്കോട്ടെ ഗന്ധർവ്വവംശം

പാലക്കാട് മേഖലയിലെ ഒരു പ്രധാന മധ്യകാല രാഷ്ട്രീയ വ്യവസ്ഥയായിരുന്നു കൊല്ലങ്കോട് സ്വരൂപം. പിൽക്കാലത്ത് കൊല്ലങ്കോട് രാജ എന്നറിയപ്പെട്ട വെങ്ങിന്നനാട്ട് നമ്പടിയുടെ ഭരണത്തിൻ കീഴിലായിരുന്നു ഇത്. പൊതുവേ വേങ്ങനാട്ട് നമ്പടിയെന്നറിയപ്പെട്ടിരുന്നെങ്കിലും കോഴിക്കോടൻ ഗ്രന്ഥവരിയിൽ വെങ്ങിന്നനാട്ട് നമ്പടിയെന്നും വെങ്ങന്നാട്ടിൽ നമ്പടിയെന്നുമാണ് പറയുന്നത്. ബ്രാഹ്മണാചാര അധികാരം, അതിർത്തി രാഷ്ട്രീയം എന്നിവയുടെ ഇടപെടലിനെ ഇതിന്റെ ചരിത്രം പ്രതിഫലിപ്പിക്കുന്നു. കൊല്ലങ്കോട് സ്വരൂപത്തിന്റെ ഒരു നിർവചന സവിശേഷത രാഷ്ട്രീയജീവിതത്തിൽ ബ്രാഹ്മണ അധികാരത്തിന്റെ പ്രാധാന്യമായിരുന്നു. വെങ്ങിന്നനാട്ട് നമ്പിടി എന്ന പേര് ബ്രാഹ്മണപദവിയെ സൂചിപ്പിക്കുന്നു. വെങ്ങിന്നനാട്ട് നമ്പിടി ഗന്ധർവ്വവംശമാണെന്ന് അവകാശപ്പെടുന്നു. സോമയാഗത്തിനുവേണ്ട സോമലതയും കൃഷ്ണാജിനവും കരിങ്ങാലിയും നൽകുന്നത് വെങ്ങിന്നനാട്ട് നമ്പിടിയാണ്.

## കേരളത്തിലെ ശിക്ഷാരീതികൾ:
# അഗ്നിപരീക്ഷ

മോഷണക്കുറ്റം ആരോപിക്കപ്പെടുന്ന ഒരാളായിരിക്കും സാധാരണ അഗ്നിപരീക്ഷയ്ക്ക് വിധേയമാകുന്നത്. വിചാരണയ്ക്ക് ദിവസങ്ങൾക്കുമുമ്പേ തടവുപുള്ളിയുടെ വലതുകൈ മെഴുകു പുരട്ടിയ തുണികൊണ്ട് ചുറ്റിക്കെട്ടും. വിചാരണാദിവസം പാത്രം (കുടം) നിറയെ വെളിച്ചെണ്ണ ഒഴിച്ച് അടിയിൽ തീയിടും. അതിലേക്ക് ഒരു നാണയമോ തിളങ്ങുന്ന ലോഹത്തിന്റെ കഷണമോ ഇടും. എണ്ണ ചൂടാവുമ്പോൾ കുറ്റാരോപിതനും അന്യായക്കാരും പാത്രത്തിനു ചുറ്റും കൂടിനിൽക്കും. ബ്രാഹ്മണ പുരോഹിതൻ കുറ്റവും നിഷ്കളങ്കതയും തെളിയിക്കാനായി ദേവന്മാരെ വിളിക്കുന്നു. എണ്ണ തിളയ്ക്കുന്നതോടുകൂടി കുറ്റാരോപിതനായ വ്യക്തിയുടെ പ്രസ്താവനകളിലെ സത്യം വെളിപ്പെടുത്തിത്തരാനായി ബ്രാഹ്മണൻ അഗ്നിയോട് ആവശ്യപ്പെടുകയും കുറ്റാരോപിതനെക്കൊണ്ട് നാണയം എടുപ്പിക്കുകയും ചെയ്യുന്നു. അദ്ദേഹത്തിന്റെ കൈ ഉടൻതന്നെ തുണികൊണ്ട് കെട്ടിവെക്കുന്നു. പതിന്നാലു ദിവസത്തിനു ശേഷമാണ് ഇത് പൊതുജനമധ്യത്തിൽവെച്ച് അഴിക്കുന്നത്. കൈയിൽ ഒരു കേടുപാടും സംഭവിച്ചിട്ടില്ലെങ്കിൽ അദ്ദേഹം കുറ്റക്കാരനല്ലെന്ന് പ്രഖ്യാപിക്കുന്നു. അഗ്നിപരീക്ഷയുടെ മറ്റൊരു രീതിപ്രകാരം, കുറ്റാരോപിതനായ ഒരാൾ ഒരു ചുട്ടുപഴുത്ത ഇരുമ്പുദണ്ഡ് കൈയിലെടുക്കുന്നതാണ്. ചില സന്ദർഭങ്ങളിൽ കുറ്റാരോപിതന്റെ കൈവെള്ളയിലേക്ക് ഈയം ഉരുക്കി ഒഴിക്കുന്ന പതിവുമുണ്ടായിരുന്നു.

അറിയാം കേരളചരിത്രം സമഗ്രമായി. ഇന്നുതന്നെ കോപ്പി ഉറപ്പാക്കൂ...

7

# ഐക്യകേരളത്തിന്റെ എഴുപതു വർഷം

## ചരിത്രപരിപ്രേക്ഷ്യങ്ങൾ 1956-2026

- ഐക്യകേരള രൂപീകരണത്തിനുശേഷമുള്ള കേരളത്തിന്റെ സമാനതകളില്ലാത്ത വളർച്ചയെയും സമകാലിക അവസ്ഥകളെയും ആഴത്തിൽ വിശകലനം ചെയ്യുന്നു.
- ആധുനിക കേരളത്തിന്റെ നിർമ്മിതിയെ സൂക്ഷ്മമായി അടയാളപ്പെടുത്തുകയാണ് ഇതിന്റെ ലക്ഷ്യം. ചരിത്രത്തിന്റെ വിവിധ മേഖലകളിൽ ശ്രദ്ധേയരായ ഗവേഷകരും പണ്ഡിതരും തയ്യാറാക്കിയ ആധികാരിക ലേഖനങ്ങൾ.
- കേരളത്തെ ഇന്നത്തെ സവിശേഷമായ സാമൂഹിക-സാംസ്കാരിക പദവിയിലേക്ക് നയിച്ചതും ഇന്നും നയിച്ചുകൊണ്ടിരിക്കുന്നതുമായ വിവിധ പരിപ്രേക്ഷ്യങ്ങളെ ഈ ഗ്രന്ഥം വായനക്കാർക്ക് മുന്നിൽ അവതരിപ്പിക്കുന്നു.
- കല, സാഹിത്യം, മാധ്യമം, കമ്മ്യൂണിക്കേഷൻ, കുടിയേറ്റം എന്നിവയിലുണ്ടായ മാറ്റങ്ങൾ, സ്ത്രീമുന്നേറ്റങ്ങൾ, വിദ്യാഭ്യാസമാതൃകകൾ എന്നിവയെല്ലാം പ്രതിപാദിക്കുന്നു.
- നമ്മുടെ നാടിന്റെ പുരോഗതിയെ രൂപപ്പെടുത്തിയ ചരിത്രവഴികളും സമകാലിക യാഥാർത്ഥ്യങ്ങളും കോർത്തിണക്കിയതാണ് ഈ വാല്യം.

## കേരളത്തിലെ നാടുകൾ

എം.ജി.എസ്. നാരായണൻ ലിഖിതസാക്ഷ്യങ്ങളുടെ അടിസ്ഥാനത്തിൽ ഏറ്റവും വിസ്തൃതമായ കാലത്ത് ചേരരാജ്യത്തിൽ 14 നാടുകൾ ഉണ്ടായിരുന്നതായാണ് *പെരുമാൾസ് ഓഫ് കേരള* എന്ന പുസ്തകത്തിൽ പറയുന്നത്. കോലത്തുനാട്, പുറകിഴാനാട്, കുറുമ്പൊറൈനാട്, രാമവളനാട്, ഏറാളനാട്, വള്ളുവനാട്, നെടുംപുറയൂർനാട്, നെടുംകലൈനാട്, കാൽക്കരൈനാട്, വെമ്പലനാട്, കീഴ്മലൈനാട്, മുഞ്ഞിനാട്, നൻറുഴൈനാട്, വേണാട് എന്നിവയാണവ.

• ജനറൽ എഡിറ്റർ •

**ഡോ. വി.വി. ഹരിദാസ്**

മധ്യകാല കേരളചരിത്രവും സംസ്കാരപഠനവുമാണ് ഗവേഷണമേഖല. കോഴിക്കോട് സർവ്വകലാശാലയിൽനിന്ന് ചരിത്രത്തിൽ ബി.എ.യ്ക്ക് രണ്ടാം റാങ്കും എം.എ.യ്ക്ക് ഒന്നാം റാങ്കും ലഭിച്ചു. യു.ജി.സി.യുടെ ഗവേഷണ ഫെലോഷിപ്പോടെ മംഗലാപുരം സർവ്വകലാശാലയിൽ പ്രൊഫ. കേശവൻ വെളുത്താട്ടിനു കീഴിൽ 'സാമൂതിരിമാരുടെ രാഷ്ട്രീയ സംസ്കാരം' എന്ന വിഷയത്തിൽ നടത്തിയ പഠനത്തിനു പിഎച്ച്.ഡി. നേടി. *ക്ഷേത്രം ഉത്സവം രാഷ്ട്രീയം, സാമൂതിരികാലത്തെ കോഴിക്കോട്: കഥയും ചരിത്രവും, സാമൂതിരിപെരുമ, യക്ഷി സങ്കല്പം, Zamorins and the* Political Culture of Medieval Kerala, *മാമാങ്കം: ചാവേറുകളുടെ ചരിത്രം, അ/വിശ്വാസികളുടെ ദൈവങ്ങൾ, മധ്യകാല കേരളചരിത്രം, രാമായണം കൂത്ത്: കൂടിയാട്ടത്തെപ്പറ്റിയുള്ള കോഴിക്കോടൻ ഗ്രന്ഥവരി രേഖകൾ* എന്നീ പുസ്തകങ്ങൾ രചിച്ചിട്ടുണ്ട്. ഇപ്പോൾ കോഴിക്കോട് സർവ്വകലാശാല ചരിത്രവിഭാഗം അദ്ധ്യാപകനാണ്.

• ഏകോപനം •

**ആർ.കെ. ബിജുരാജ്**

ചരിത്രകാരനും ഗവേഷകനും. ചരിത്രത്തിൽ ബിരുദാനന്തരബിരുദവും പത്രപ്രവർത്തനത്തിൽ ബിരുദാനന്തര ഡിപ്ലോമയും നേടിയിട്ടുണ്ട്. *കേരളത്തിന്റെ രാഷ്ട്രീയചരിത്രം, നക്സൽദിനങ്ങൾ, പുന്നപ്ര-വയലാർ ചരിത്രരേഖകൾ, 634 ദിനങ്ങൾ; അടിയന്തരാവസ്ഥയുടെ ചരിത്രം* എന്നീ പുസ്തകങ്ങൾ രചിച്ചിട്ടുണ്ട്. ഇപ്പോൾ മാധ്യമം ആഴ്ചപ്പതിപ്പിൽ ചീഫ് സബ് എഡിറ്റർ.

• എഴുത്തുകാർ •

**ഡോ. പി. എസ്. മനോജ് കുമാർ**

ചരിത്രകാരൻ. കണ്ണൂർ സർവകലാശാലയിൽ ഹിന്ദുമത സ്വത്വരൂപീകരണം കേരളത്തിൽ എന്ന വിഷയത്തിൽ ഗവേഷണം ചെയ്തു. ഇപ്പോൾ എറണാകുളം മഹാരാജാസ് കോളേജിൽ പ്രിൻസിപ്പാൾ. പുസ്തകങ്ങൾ: *മധ്യകാലഇന്ത്യ: ചരിത്രനിർമ്മിതികൾ, Shaping of Rights: Jati and Gender in Colonial Keralam, Becoming Citizens: Transformations of State and Jati in Colonial Keralam, കാവിദേശീയത (ചരിത്രം).*

**ഡോ. കെ.പി. രാജേഷ്**

പൂർവാധുനിക കേരളത്തിലെ സമൂഹചരിത്രമാണ് ഗവേഷണമേഖല. കാലിക്കറ്റ് സർവ്വകലാശാല യിൽനിന്ന് ചരിത്രത്തിൽ എം.എ., എം.ഫിൽ., പിഎച്ച്.ഡി., സാമൂഹ്യ ശാസ്ത്രത്തിൽ ബി.എഡ്. ബിരുദങ്ങൾ നേടിയിട്ടുണ്ട്. ഇപ്പോൾ എൻ.എസ്.എസ്. കോളജ് മഞ്ചേരി ചരിത്രവിഭാഗത്തിൽ അധ്യാപകനായി ജോലിചെയ്യുന്നു. *വടക്കൻ മലബാർ സമൂഹവും ചരിത്രവും, മുതുമക്കത്താഴി (നന്നങ്ങാടി)* എന്നീ പുസ്തകങ്ങൾ രചിച്ചിട്ടുണ്ട്.

**ഡോ. ആര്യ നായർ വി.എസ്.**

പുരാവസ്തുപഠനം, ഐക്കണോഗ്രാഫി, പൂർവ മധ്യകാല കേരളം സമൂഹം എന്നിവയാണ് ഗവേഷണമേഖല. കേരള സർവ്വകലാശാലയിൽനിന്ന് പുരാവസ്തു ശാസ്ത്രപഠനത്തിൽ എം.എ., എം.ഫിൽ. ബിരുദങ്ങൾ, അണ്ണാമലൈ സർവ്വകലാശാലയിൽനിന്ന് എം.എ. ചരിത്രം, കാലിക്കറ്റ് സർവകലാശാല യിൽനിന്ന് ചരിത്രത്തിൽ പിഎച്ച്.ഡി. ബിരുദങ്ങൾ നേടിയിട്ടുണ്ട്. മലപ്പുറം എൻ.എസ്.എസ്. കോളേജിൽ ചരിത്രവിഭാഗത്തിൽ അതിഥി അധ്യാപികയായി ജോലിചെയ്തിരുന്നു. കേരളത്തിലെ സപ്തമാതൃക്കൾ, പൂർവ - മധ്യകാല ക്ഷേത്രഘടന, ചരിത്രാരംഭകാല സമൂഹചരിത്രം എന്നീ വിഷയങ്ങളിൽ പ്രബന്ധങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

**ഡോ. രേഖ ഇ.**


പൂർവ്വ മധ്യകാല കേരള ചരിത്രം ആണ് ഗവേഷണമേഖലയും പഠനമേഖലയും. ചരിത്രകാരി, അധ്യാപിക, ഗവേഷക. ചരിത്രലേഖനങ്ങളും പഠനങ്ങളും പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇപ്പോൾ രാജീവ് ഗാന്ധി മെമ്മോറിയൽ ഗവ. ആർട്സ് ആന്റ് സയൻസ് കോളേജ് അട്ടപ്പാടിയിൽ അസോസിയേറ്റ് പ്രൊഫസർ.

**കവിത ശിവദാസ്**

പൂർവ മധ്യകാല കേരള ചരിത്രത്തിൽ ഗവേഷക. ചരിത്രകാരി, അധ്യാപിക, ഗവേഷക. നിരവധി ചരിത്ര ലേഖനങ്ങളും പഠനങ്ങളും ആനുകാലികങ്ങളിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. കാലടി ശ്രീശങ്കര കോളജിൽ അസോസിയേറ്റ് പ്രൊഫസർ.

**ഡോ. എം.പി. മുജീബു റഹ്മാൻ**

കാലിക്കറ്റ് സർവ്വകലാശാല ചരിത്രവിഭാഗത്തിൽനിന്ന് ഗവേഷണം പൂർത്തിയാക്കി. *Malabar in Transition, Peninsular India: Essays on South Indian History, എറിക് ഹോബ്സ്ബാം: ചരിത്രരചനയിലെ വിസ്മയം, The Other side of the Story: Tipu Sultan, Colonialism and Resistance in Malabar, Explorations in South Indian History, The Locale Speaks: Papers in Local History, ചരിത്രമെഴുത്തിന്റെ ചരിത്രം, ദേശഭാവനയും ഇന്ത്യൻ മുസ്‌ലിങ്ങളും* എന്നിവയാണ് മറ്റ് കൃതികൾ. ഇപ്പോൾ കാലിക്കറ്റ് സർവ്വകലാശാല ചരിത്രവിഭാഗത്തിൽ പ്രൊഫസർ.



ചിത്രങ്ങൾക്ക് കടപ്പാട്
**എ. മുഹമ്മദ്**

മെഗാലിത്തിക്ക് കാലത്തെ ആഭരണങ്ങൾ

## കോപ്പികൾ ഇന്നുതന്നെ ഉറപ്പാക്കൂ...

**ഡി സി ബുക്സ്**
പ്രി പബ്ലിക്കേഷൻ




### തലമുറകൾ കൈമാറാൻ ഒരു ചരിത്രനിധി

# ആധികാരിക കേരളചരിത്രം

## പ്രാചീനം • മധ്യകാലം • ആധുനികം

- ഡിമൈ 1/8 സൈസ് • 7 വാല്യം • 4000 പേജ് • ഹാർഡ് ബൗണ്ട്
- അപൂർവ്വമായ ചിത്രങ്ങൾ • ഭൂപടങ്ങൾ • ചരിത്രരേഖകൾ
- നവംബർ 1-ന് വായനക്കാരിലേക്ക്

മുഖവില
~~5000 രൂപ~~

പ്രി പബ്ലിക്കേഷൻ വില
**2999 രൂപ**
(രണ്ടു തവണയായും അടയ്ക്കാം
**1499+1500**)

(മൂന്നു തവണയായും അടയ്ക്കാം
**1000+1000+1100 = 3100 രൂപ**)

കേരളത്തിലുടനീളമുള്ള ഡി സി ബുക്സ്/കറന്റ് ബുക്സ് ശാഖകളിലൂടെയും ബുക്കിങ് ഏജൻസികളിലൂടെയും ബുക്ക് ചെയ്യാം. വ്യവസ്ഥകൾക്ക് സന്ദർശിക്കുക: https://keralahistory.info

Call: 0481-256 3114, 230 1614.
Mob: 99470 55000, 72900 92216
Online: dcbookstore.com • email: customercare@dcbooks.com